# കേരള കാർഷിക സർവ്വകലാശാല

പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, മേലേപട്ടാമ്പി - 679 306

നമ്പർ: D1-844/16 തിയ്യതി: 31 -10-2016

## ക്വട്ടേഷൻ നോട്ടീസ്

സൂചന : 7.10.2016 തിയ്യതിയിലെ ഈ ഓഫീസിലെ ഇതേ നമ്പരിലുള്ള ക്വട്ടേഷൻ നോട്ടീസ്

മേൽ സൂചന പ്രകാരം ഈ ഗവേഷണ കേന്ദ്രത്തിലെ താഴെപറയുന്ന ഭാഗങ്ങളിൽ കരാറ് ഉറപ്പിക്കുന്ന തീയ്യതി മുതൽ ഒരു വർഷകാലയളവിലേക്ക് ആവശ്യപ്പെടുന്നതിനനുസരിച്ച് സെക്യൂരിറ്റി ഗാർഡുകളെ കരാർ വ്യവസ്ഥയിൽ നിയോഗിക്കുന്നതിനായി താത്പര്യമുള്ള അംഗീകൃത സെക്യൂരിറ്റി സർവ്വീസ് ഏജൻസികളിൽ നിന്നും മുദ്രവച്ച കവറിൽ ക്വട്ടേഷനുകൾ ക്ഷണിച്ചിരുന്നു. പ്രസ്തുത ക്വട്ടേഷൻ നോട്ടീസ് 8.11.2016 വരെ ദീർഘിപ്പിച്ചിരിക്കുന്നു.

1. മെയിൻ ഗേറ്റ് (പെരിന്തൽമണ്ണ റോഡ്) : 24 മണിക്കൂർ
2. സി ബ്ലോക്ക് ഗേറ്റ് (പാലക്കാട് റോഡ്) : 24 മണിക്കൂര്
3. ഫാം ഓഫീസ്, ഫാമിലെ പട്രോളിങ്ങ് : 24 മണിക്കൂർ

| | |
|---|---|
| ക്വട്ടേഷൻ ലഭിക്കേണ്ട അവസാന തിയ്യതി | : 8-11-2016 3.00 മണി |
| ക്വട്ടേഷൻ തുറക്കുന്ന സമയം | : 8-11-2016 3.30 മണി |
| ക്വട്ടേഷൻ സമയത്ത് നൽകേണ്ട നിരതദ്രവ്യം | : 1000 രൂപ |

നിബന്ധനകൾ

1. ക്വട്ടേഷൻ സമർപ്പിക്കുന്ന ഏജൻസികൾക്ക് രജിസ്ട്രേഷനും സെക്യൂരിറ്റി സേവന രംഗത്ത് കുറഞ്ഞത് 3 വർഷത്തെയെങ്കിലും മുൻകാല പരിചയവും ഉണ്ടായിരിക്കേണ്ടതാണ്. ഇതു തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
2. മിനിമം വേജസ് ചട്ട പ്രകാരമുള്ള മിനിമം വേതനം നൽകാൻ ക്വട്ടേഷൻ ലഭിക്കുന്ന പക്ഷം പ്രസ്തുത കരാറുകാർ/സെക്യൂരിറ്റി സർവ്വീസ് ഏജൻസി ബാധ്യസ്ഥമായിരിക്കും.
3. മിനിമം വേതന ചട്ട പ്രകാരമുള്ള മിനിമം വേതനം, ക്വട്ടേഷണർക്കുള്ള പ്രതിഫലം എന്നിവ പ്രത്യേകം ഉൾപ്പെടുത്തിയുള്ള മൊത്തം നിരക്കാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്. അതാത് സമയങ്ങളിൽ ബാധകമായ നിശ്ചിത നിരക്കിലുള്ള സേവന നികുതി സർക്കാരിലേക്ക് ഒടുക്കാൻ ക്വട്ടേഷണർ ബാധ്യസ്ഥനായിരിക്കും. എന്നാൽ നിശ്ചിത നിരക്കിലുള്ള വരുമാന നികുതി സർവ്വകലാശാല കരാറുകാരന്റെ പ്രതിഫലത്തിൽ നിന്നു കുറവു വരുത്തി സർക്കാരിലേയ്ക്ക് ഒടുക്കുന്നതാണ്. മേൽപ്പറഞ്ഞ നിരക്കുകൾ 8 മണിക്കൂർ ജോലിക്കാണ് രേഖപ്പെടുത്തേണ്ടത്/നൽകേണ്ടത്.
4. 24.7.2010 ലെ ജി.ഒ. (എം.എസ്) നമ്പർ 80/2010/തൊഴിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള മിനിമം അടിസ്ഥാന വേതനവും ക്ഷാമബത്തയും ഇതര ആനുകൂല്യങ്ങളും നൽകാൻ പ്രസ്തുത കരാറുകാർ/സെക്യൂരിറ്റി സർവ്വീസ് ഏജൻസി ബാധ്യസ്ഥമായിരിക്കും.
5. ആകെ നിയോഗിക്കുന്ന സെക്യൂരിറ്റി ഗാർഡുകളുടെ എണ്ണത്തിൽ 50% നിർബന്ധമായും എക്സ് സർവ്വീസ്മാൻമാരും 50% സിവിലിയൻ സെക്യൂരിറ്റി ഗാർഡുകളുമായിരിക്കണം .
6. സെക്യൂരിറ്റി ഗാർഡായി നിയോഗിക്കപ്പെടുന്നവർ 60 വയസ്സിൽ താഴെ പ്രായമുള്ളവരും നല്ല കായിക ക്ഷമതയുള്ള വരുമായിരിക്കണം.
7. സെക്യൂരിറ്റി ഗാർഡുകളുടെ അശ്രദ്ധ മൂലമോ ഡ്യൂട്ടിയിലുള്ള വീഴ്ചമൂലമോ സർവ്വകലാശാലക്ക് സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് തുല്യമായ തുക ക്വട്ടേഷനറുടെ പക്കൽ നിന്നും ഈടാക്കുന്നതാണ്.
8. സർക്കാർ ക്വട്ടേഷനുകൾക്കുള്ള എല്ലാ നിബന്ധനകളും ഇതിനും ബാധകമായിരിക്കും.
9. ക്വട്ടേഷൻ ഉറപ്പിക്കുന്ന പക്ഷം പ്രസ്തുത ഏജൻസി/സ്ഥാപനം, 200/- രൂപയുടെ മുദ്രപ്പത്രത്തിൽ നിർദ്ദിഷ്ട അഗ്രിമെന്റ് സമർപ്പിക്കേണ്ടതും 5,000/- രൂപ (അയ്യായിരം രൂപ മാത്രം) സെക്യൂരിറ്റി ഡെപ്പോസിറ്റായി സമർപ്പിക്കേണ്ടതുമാണ്.
10. സെക്യൂരിറ്റി ജോലികൾ ഉത്തരവാദപ്പെട്ട ഓഫീസർമാരുടെ നിർദ്ദേശാനുസരണം ചെയ്യേണ്ടതാണ്.
11. മിനിമം വേജസ് നിയമപ്രകാരം ബന്ധപ്പെട്ട രജിസ്റ്ററുകൾ കരാറുകാരൻ/ ഏജൻസി സൂക്ഷിക്കേണ്ടതും നിർദ്ദേശാനുസരണം പരിശോധനയ്ക്ക് ഹാജരാക്കുകയും

ചെയ്യേണ്ടതാണ്. മിനിമം വേജസ് ആക്ടിൽ നിഷ്ക്കർഷിക്കുന്നതും ഇതു സംബന്ധിച്ച് കരാറുകാരന്/ഏജൻസിക്ക് ബാധകമായ എല്ലാ കാര്യങ്ങളും നിറവേറ്റാൻ/പാലിക്കാൻ ക്വട്ടേഷൻ/ഏജൻസി ബാധ്യസ്ഥനായിരിക്കും.

12. ആവശ്യാനുസരണം കാലാകാലങ്ങളിൽ അധികമായി വേണ്ടി വരുന്ന സെക്യൂരിറ്റി ഗാർഡുകളെ നിയോഗിക്കുവാൻ ക്വട്ടേഷനർ ബാദ്ധ്യസ്ഥനാണ്.

13. സെക്യൂരിറ്റി സേവനത്തിന് നിശ്ചയിക്കപ്പെട്ട പ്രതിഫലം സ്വീകരിക്കാനല്ലാതെ സെക്യൂരിറ്റി സേവനത്തിനായി നിയോഗിക്കപ്പെടുന്ന വ്യക്തികൾക്കോ/കരാറുകാരനോ/ഏജൻസിക്കോ സർവ്വകലാശാലയിൽ മറ്റ് യാതൊരുവിധ അവകാശങ്ങൾക്കും ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതല്ല.

14. സെക്യൂരിറ്റി സേവനം തൃപ്തികരമല്ലെങ്കിൽ കാരണം കാണിക്കാതെ കരാർ റദ്ദു ചെയ്യുവാൻ സർവ്വകലാശാലക്ക് അധികാരമുണ്ടായിരിക്കും.

15. ഒരു ദിവസത്തിൽ 8 മണിക്കൂറിൽ കൂടുതൽ തുടർച്ചയായി ഒരു സെക്യൂരിറ്റി ഗാർഡിനെ നിയോഗിക്കുവാൻ പാടില്ല.

16. ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന സെക്യൂരിറ്റി ഗാർഡുകൾക്ക് യൂണിഫോം, ഷൂ, ബെൽറ്റ്, ടോർച്ച് തുടങ്ങിയവ സെക്യൂരിറ്റി കരാറുകാരൻ സ്വന്തം ചെലവിൽ നല്കേണ്ടതും, ആയത് സെക്യൂരിറ്റി ഗാർഡുകൾ ഡ്യൂട്ടി സമയങ്ങളിൽ ധരിക്കേണ്ടതുമാണ്.

17. സെക്യൂരിറ്റി ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന സെക്യൂരിറ്റി ഗാർഡുകളുടെ ഐഡന്റിറ്റി സംബന്ധിച്ച വിവരങ്ങൾ സെക്യൂരിറ്റി കരാറുകാർ/ഏജൻസി മുൻകൂട്ടി സമർപ്പിക്കേണ്ടതും സെക്യൂരിറ്റി ഗാർഡുകൾ, ക്രിമിനൽ കേസ്, കുറ്റ കൃത്യങ്ങൾ എന്നിവയിൽ ഉൾപ്പെട്ടിട്ടില്ലയെന്ന സത്യവാങ്മൂലം അവരിൽ നിന്നും ശേഖരിച്ച് സമർപ്പിക്കേണ്ടതുമാണ്.

18.സെക്യൂരിറ്റി ഗാർഡുകളുടെ നിയന്ത്രണ ചുമതല ഒഴിച്ച് നിയമപരമായും അല്ലാതെയുമുള്ള എല്ലാ ബാദ്ധ്യതകളും ക്വട്ടേഷനറിൽ നിക്ഷിപ്തമായിരിക്കും.

19. മിനിമം വേതന ചട്ട പ്രകാരം സർവ്വകലാശാല ഓരോ മാസവും അനുവദിയ്ക്കുന്ന തുക അതാത് സെക്യൂരിറ്റി ജീവനക്കാരന് ക്വട്ടേഷണർ രേഖാമൂലം നൽകേണ്ടതും ആയത് നൽകിയതായി സാക്ഷ്യപ്പെടുത്തിയ രേഖ അതാത് മാസം തന്നെ ഓഫീസിൽ ഹാജരാക്കേണ്ടതുമാണ്.

20. ക്വട്ടേഷണറുടേയും സെക്യൂരിറ്റി ജീവനക്കാരുടേയും സർവ്വകലാശാലയിലുള്ള സേവനം തികച്ചും താൽക്കാലികവും ഒരു നിശ്ചിത കാലയളവിലേക്കും മാത്രമാണ്. ഇത് സംബന്ധിച്ച് ഭാവിയിൽ സർവ്വകലാശാലയിൽ യാതൊരു അവകാശവും ഇവർക്ക് ഉണ്ടായിരിക്കുന്നതല്ല.

21. ക്വട്ടേഷനുകൾ ഈ ഓഫീസിൽ 8/11/2016 തീയ്യതി ഉച്ച കഴിഞ്ഞ് 3 മണിക്ക് മുമ്പായി സമർപ്പിക്കേണ്ടതാണ്. സ്വീകാര്യമായ ക്വട്ടേഷനുകൾ 8/11/2016 തിയ്യതി വൈകുന്നേരം 3.30 മണിക്ക് ഹാജരുള്ള ക്വട്ടേഷൻകാരുടെയോ അവർ ചുമതലപ്പെടുത്തിയിരിക്കുന്ന ഏജന്റിന്റേയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്.

22. യാതൊരു കാരണവും കൂടാതെ ക്വട്ടേഷൻ മാറ്റി വയ്ക്കുന്നതിനോ നിരസിക്കുന്നതിനോ അസ്ഥിരപ്പെടുത്തുന്നതിനോ റദ്ദാക്കുന്നതിനോ ഉള്ള അധികാരം അസോസിയേറ്റ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

23.ക്വട്ടേഷൻ ഉള്ളടക്കം ചെയ്യുന്ന കവറിന് പുറത്ത് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം,പട്ടാമ്പിയിൽ സെക്യൂരിറ്റി ഗാർഡിനെ നിയോഗിക്കുന്നതിനുള്ള ക്വട്ടേഷൻ എന്ന് രേഖപ്പെടുത്തേണ്ടതാണ്. ക്വട്ടേഷനുകൾ, അസോസിയേറ്റ് ഡയറക്ടറിൽ, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, മേലേപട്ടാമ്പി പി.ഒ., 679 306 എന്ന വിലാസത്തിലാണ് ലഭിക്കേണ്ടത്.

മറ്റു **നിബന്ധനകൾ**:

1. സെക്യൂരിറ്റി വീഴ്ചയുടെ ഭാഗമായുണ്ടാകുന്ന മോഷണം, വസ്തുവകകൾ നഷ്ടപ്പെടൽ മറ്റ് നിബന്ധനകൾ പാലിക്കാതിരിക്കൽ തുടങ്ങിയ എല്ലാ കഷ്ടനഷ്ടങ്ങൾക്കും ക്വട്ടേഷണർ ഉത്തരവാദിയായിരിക്കും. ഇതുമുഖേനയുള്ള നഷ്ടങ്ങൾ സെക്യൂരിറ്റി തുകയിൽ നിന്നോ, മറ്റുവിധത്തിലോ ക്വട്ടേഷണറിൽ നിന്നും ഈടക്കുന്നതാണ്.
2. ഏതെങ്കിലും സാഹചര്യത്തിൽ കാലാവധി പൂർത്തിയാക്കുന്നതിനു മുൻപ് കരാർ അവസാനിപ്പിക്കുകയാണെങ്കിൽ ഒരുമാസത്തെ നോട്ടീസ് നൽകേണ്ടതാണ്. അല്ലാത്തപക്ഷം സർവ്വകലാശാലക്കുണ്ടാകുന്ന നഷ്ടം കരാറുകാരനിൽ നിന്ന് ഈടാക്കുന്നതാണ്.

3. ഇൻവോയ്സ് അടിസ്ഥാനത്തിൽ പ്രതിമാസമായിരിക്കും കരാർ തുക നൽകുക. കരാറുകാരൻ നിശ്ചിത മാതൃകയിൽ ഇൻവോയ്സ് തയ്യാറാക്കി ഓരോമാസവും കൃത്യസമയത്ത് ഓഫീസി സമർപ്പിക്കേണ്ടതാണ്.
4. കരാർ സംഖ്യക്ക് നിലവിലുള്ള നിരക്കിൽ ആദായനികുതി ഈടാക്കുന്നതാണ്. ഇതിനായി ആദായനികുതി വകുപ്പിൽ നിന്നും ലഭിക്കുന്ന പെർമനന്റ് അക്കൗണ്ട് നമ്പർ ഹാജരാക്കേണ്ടതാണ്.
5. സെക്യൂരിറ്റി ജോലിയിൽ നിയോഗിക്കപ്പെട്ട വ്യക്തിക്ക് ക്വട്ടേഷനിൽ പറഞ്ഞ തുകക്കല്ലാതെ യൂണിവേഴ്സിറ്റിയിൽ നിന്നും മറ്റ് യാതൊരു ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുന്നതല്ല.
6. കരാറുകാരന്റെ സേവനം തൃപ്തികരമല്ലെങ്കിൽ ഏതു സമയത്തും യാതൊരു കാരണവും കാണിക്കാതെത്തന്നെ കരാർ നിർത്തലാക്കാനുള്ള അധികാരം അസോസിയേറ്റ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. അത്തരം സാഹചര്യങ്ങളിൽ സുരക്ഷിത നിക്ഷേപം കാർഷിക സർവ്വകലാശാലക്ക് മുതൽ കൂട്ടുന്നതായിരിക്കും.
7. സർക്കാർ ക്വട്ടേഷനുകൾക്ക് ബാധകമായ എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.

(ഒപ്പ്)
അസോസിയേറ്റ് ഡയറക്ടർ

സ്വീകർത്താക്കൾ

നോട്ടീസ് ബോർഡ് (ഓഫീസ് / ഫാം)
മിനി സിവിൽ സ്റ്റേഷൻ, പട്ടാമ്പി
മുനിസിപ്പൽ സെക്രട്ടറി, പട്ടാമ്പി മുനിസിപ്പാലിറ്റി
വില്ലേജ് ആപ്പീസർ, വില്ലേജ് ആപ്പീസ്, പട്ടാമ്പി
സെൻട്രൽ ഓർച്ചാർഡ്, പട്ടാമ്പി
സർവ്വീസ് സഹകരണ ബാങ്ക്, പട്ടാമ്പി
കൃഷി ഭവൻ, പട്ടാമ്പി